"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**നം. ഡിഎ1/26/2025-തസ്വഭവ**

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 21-04-2025

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉറപ്പുവരുത്തുന്നത് - സംബന്ധിച്ച്.

സൂചന:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. സ.ഉ.(സാധാ) നം.1151/2024/LSGD; തീയതി 27.06.2024
3. ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 28.03.2025ന് ചേർന്ന അവലോകന യോഗത്തിന്റെ തീരുമാനങ്ങൾ

**********************

സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികൾക്ക് SPC (Student Police Cadet) പരിശീലനത്തിനായി വേണ്ടി വരുന്ന തുകയിൽ പോലീസ് വകുപ്പിൽ നിന്നും ലഭ്യമാകുന്നത് കഴിച്ചുള്ള തുക, നിശ്ചിത പരിധിക്ക് വിധേയമായി, വിനിയോഗിക്കുന്നതിന് പ്രൊജക്ട് ഏറ്റെടുക്കാൻ വിവിധ തലങ്ങളിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സൂചന 1 മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതിനായി പ്രോജക്ട് ഏറ്റെടുക്കാൻ ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കുമൊപ്പം, ഗ്രാമപഞ്ചായത്തുകൾക്കും സൂചന 2 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അത് പ്രകാരം, തനത് ഫണ്ട്/ തനത് ഫണ്ട് ഇല്ലെങ്കിൽ വികസന ഫണ്ട് (ജനറൽ) എന്നിവ ഉപയോഗിച്ച്, ഒരു സ്കൂളിന് 75,000/- രൂപ അനുവദിക്കാൻ മുനിസിപ്പൽ കോർപറേഷനുകൾക്കും, 50,000/- രൂപ വീതം അനുവദിക്കാൻ മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും സാധിക്കുന്നതാണ്.

എന്നാൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്കായി തുക വകയിരുത്തുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ എണ്ണം വളരെ കുറവാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കുന്നതായും കാണുന്നുണ്ട്. മേൽ സാഹചര്യത്തിൽ, സൂചന 2 ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളതിന് അനുസൃതമായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്കായി ആവശ്യമായ തുക വകയിരുത്തി 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് ഏറ്റെടുക്കുന്നത് പരിഗണിക്കണമെന്ന് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നു.

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
8. സ്റ്റേറ്റ് നോഡൽ ഓഫീസർ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോഗ്രാം
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാകളക്ടർമാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
21. ആഭ്യന്തര (ഡി) വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 22-04-2025 11:32:45

സെക്ഷൻ ഓഫീസർ